# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 28/06/2016-ന് മറുപടിക്ക്
നമ്പർ. 47

## സർക്കാർ സർവ്വീസിലെ ഒഴിവുകൾ

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.അനിൽ അക്കര

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിലെ ഒഴിവുകൾ കൃത്യമായി പി.എസ്.സി. യ്ക്ക് റിപ്പോർട്ടു ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) യും (ബി) യും | പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 27.05.2016-ലെ ഉപ.സി.3/38/16/ഉഭപവ. നമ്പർ സർക്കുലർ പ്രകാരം, പി.എസ്.സി. റാങ്ക് പട്ടിക നിലവിലുണ്ടെങ്കിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട നിലവിലുള്ള എല്ലാ ഒഴിവുകളും ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷൻമാരും നിയമനാധികാരികളും 3.6.2016-നകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഒഴിവുകൾ തരംതിരിച്ച് കണക്കാക്കുന്നതിനും യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനും നികത്തുന്നതിനും ഒരു കമ്പ്യൂട്ടറധിഷ്ഠിത സ്ഥിരം നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി പ്രത്യേക സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | | |

| | | | |
|---|---|---|---|
| (സി) | ഒഴിവുകൾ ഇ-മെയിൽ വഴി പി.എസ്.സി.യെ അറിയിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; | (സി) | പി.എസ്.സി. യുടെ e-vacancy software സംവിധാനത്തിലൂടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ 1.12.2015-ലെ 14816/ഉപ.സി3/15/ഉഭപവ നമ്പർ പരിപത്രം പ്രകാരം എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; | (ഡി) യും (ഇ) യും | ചട്ടപ്രകാരം പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ മനപ്പൂർവ്വം പി എസ് സി ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരം നിയമനാധികാ-രികൾക്കെതിരെ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കമ്പ്യൂട്ടർ അധിഷ്ഠിത സ്ഥിരം നിരീക്ഷണ സംവിധാനം നടപ്പിലായിക്കഴിഞ്ഞാൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ വീഴ്ചകൾ യഥാസമയം കണ്ടെത്തി ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഇ) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**